നം. സി1/9667/റ്റി സി/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തീയതി 07.05.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം : - മോട്ടോർ വാഹന വകുപ്പ് - ചെക്ക് റിപ്പോർട്ട് തീർപ്പ് കൽപ്പിക്കുന്നതിലുള്ള പരാതികൾ സംബന്ധിച്ച്

സൂചന :- 1. 15.12.2010 തീയതിയിലെ കേരള ബസ്സ് ട്രാൻസ്പോർട്ട് അസ്സോസിയേഷന്റെ നിവേദനം
2. സർക്കുലർ 17/73

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള നിവേദനത്തിൽ കേരള ബസ്സ് ട്രാൻസ്പോർട്ട് അസ്സോസിയേഷൻ പരാതിപ്പെടുന്നതെന്തെന്നാൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ വാഹനങ്ങൾക്ക് ചെക്ക് റിപ്പോർട്ട് എഴുതുമ്പോൾ അതിൻ മേൽ തീർപ്പ് കൽപ്പിക്കുന്നതിന് നിലവിലുള്ള നടപടിക്രമം പാലിക്കുന്നില്ല എന്നാണ്. ചെക്ക് റിപ്പോർട്ടുകൾ തീർപ്പ് കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വാഹന ഉടമകളിൽ നിന്നും നിരന്തരം പരാതികൾ ഉണ്ടാകുന്നുണ്ട്. സൂചന (2) പ്രകാരവും അല്ലാതെയും ചെക്ക് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ചെക്ക് റിപ്പോർട്ടുകൾ തീർപ്പ കൽപ്പിക്കുമ്പോൾ സൂചന (2) പ്രകാരമുള്ള സർക്കുലറിലെ 3,4,5 ക്രമ നമ്പരുകളുടെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു..

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്.